കെ.എസ്.എ.കെ.ടി.എം. പി12/1930/16 തീയതിഃ 19.12.16

കോട്ടയംജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.2.16മുതൽ 31.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-12-2016 മുതൽ 08-12--2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | .ശ്രീമതി.രേഖ.ആർ | ഓഡിറ്റ് ഓഫീസർ . |
| | ശ്രീമതി.സുനിത.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീലത.ആർ.ബി | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.രഞ്ജിത്ത്.എം | സീനിയർഗ്രേഡ്ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.സൂജാതാ ശശീന്ദ്രൻ | 1-4-15 മുതൽ 30-11-15 വരെ |
| | ശ്രീ.ഫിലിപ്പോസ് തോമസ് | 1-12-15 മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീ.രാജൂ.പി.സക്കറിയ | 1-4-15 മുതൽ 21.8.15 വരെ 10.9.15 മുതൽ 31-3-16 വരെ |
| | ജോർജ്ജ്.പി.ജെ(സെക്രട്ടറി ഇൻ ചാർജ്ജ്) | 22.8.15 മുതൽ 9.9.15 വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മിനി ഫിലിപ്പ്<br>ശ്രീമതി.മഞ്ജൂഷ.ആർ.എസ്<br>ശ്രീമതി.മഞ്ജൂഷ.എൻ.എസ് | 1-4-15 മുതൽ 14-5.15വരെ.<br>15-5-15 മുതൽ 11.9.15വരെ.<br>11-9-15മുതൽ 31-3-16വരെ. |
| അസി.എൻജിനീയർ | ശ്രീ.പ്രമോദ് ഗോപൻ | 1-4-15മുതൽ31.3.16വരെ |
| വെറ്ററിനറി സർജൻ | ഡോ.കുര്യൻ.കെ.ജേക്കബ് | 1-4-15മുതൽ 10-8-15വരെ. |

| | | |
|---|---|---|
| | ഡോ.എം.ജി.രാജീവ് | 11.8..15 മുതൽ 31.3.16 വരെ. |
| വി.ഇ.ഒ | ശ്രീ.ശ്രീജേഷ്. കെ.വിജയൻ | 1-4-15മുതൽ 30-11-15 വരെ. |
| എൽ.വി.ഇ.ഒ | ശ്രീമതി.ലൈലാമോൾ വർഗ്ഗീസ് | 1-4-15 മുതൽ 31-3-16വരെ വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ - | ശ്രീമതി.മേരി.വി.ജോസ് | 1-4-2015മുതൽ 31-3-2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിശ വൽസലൻ | 1-4-15 മുതൽ 31-3-16വരെ. |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.അമ്മുക്കുട്ടി | 1-4-15മുതൽ 8-2-16 വരെ. |
| | ഡോ. അന്ന ജോസഫ്.കെ | 9-2-16മുതൽ 31-3-16 വരെ. |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.സ്വപ്ന മഞ്ജരി | 1-4-15 മുതൽ 31-3-16 വരെ. |
| മെഡി.ഓഫീസർ (ആയുർവേദം) | ഡോ.ആശ.എസ് | 1-4-15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോർജ്ജ്.പി.ജെ | 1-4-15 മുതൽ 31-3-16വരെ. |

| ഉള്ളടക്കം<br><br>വിഷയം |
|---|
| ഭാഗം 1-പൊതു അവലോകനം |
| 1-1 ബജറ്റ് |
| 1-2 വാർഷിക ധനകാര്യപത്രിക |
| 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 സാമ്പത്തിക വിശകലനം |
| 1-5 ഫണ്ട് വിനിയോഗം |
| 1-6 പദ്ധതി അവലോകനം |
| 1-7 തനത് വരുമാനം |
| 1-8 ക്ഷേമ പദ്ധതികൾ |
| 1-9 ക്യാഷ് വെരിഫിക്കേഷൻ |
| 1-10 ആഭ്യന്തരനിയന്ത്രണം |
| 1-11 മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകൾ |
| 2-1 വാർഷികകണക്കുകളുടെ അവലോകനം |
| 2-2 വസ്തുനികുതി |
| 2-3 വാടക ഒടുക്കിയില്ല |
| 2-4-1 തൊഴിൽനികുതി ഈടാക്കിയതിൽ അപാകതകൾ |
| 2-4-2 താഴെപ്പറയുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-4-3 ഡി & ഒ ട്രേഡ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4-4 അംഗീകൃത കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് |

| |
|---|
| നിരീക്ഷണങ്ങൾ |
| 3-1 മിനിറ്റ്സ് ബുക്ക് സൂക്ഷിപ്പ് അപാകതകൾ |
| 3-2 മരം ലേലം- എഫ്.ഡി.റ്റി തുക ഈടാക്കാതെ തനതുഫണ്ടിൽ നിന്ന് അടച്ചിരിക്കുന്നു. |
| 3-3 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു. |
| 3-4 മീഡിയാശ്രീ പദ്ധതി- പൂർത്തീകരണവിവരം ഇല്ല |
| 3-5 മരുന്ന് ലഭിച്ചിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-6 കണ്ണംകുളം കുടിവെള്ളപദ്ധതി മെയിന്റനൻസ്- ഡിപ്പാർട്ട്മെന്റൽ പി.വി.സി പൈപ്പ് ലെയിങ് അധികനിരക്ക് നൽകിയത് |
| 3-7 ബിറ്റുമിൻ- ബാരൽ വില ഈടാക്കിയില്ല |
| 3-8 അതുല്യം- സമ്പൂർണ പ്രാഥമികവിദ്യാഭ്യാസ പരിപാടി നടത്തിപ്പിൽ അപാകത |
| 3-9 സാന്ത്വനം പരിചരണം പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ |
| 3-10 വൈദ്യുതി ചാർജ്, വാട്ടർ ചാർജ് വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. |
| 3-11 ആശ്രയ പദ്ധതി |
| 3-12എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ/വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| ബാലൻസ് ഷീറ്റ് 2015-16 |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2015-16 |

| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |
|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.15 തിയതിയിലെ 1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 38886086 | 40299377 | 1413291 | |
| വരവ് | 120913914 | 55069687 | | 65844227 |
| ആകെ | 159800000 | 95369064 | | 64430936 |
| ചെലവ് | 156800000 | 74122897 | | 82677103 |
| നീക്കിയിരിപ്പ് | 3000000 | 21246167 | 18246167 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 07.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40299377 |
| വരവ് | 55069687 |
| ആകെ | 95369064 |
| ചെലവ് | 74122897 |
| നീക്കിയിരിപ്പ് | 21246167 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 1562840 | 5647772 3835999 (ട്രാൻസ്ഫർ ക്രഡിറ്റ്) | 11046611 | 11046611 | - | 0 |
| വികസന ഫണ്ട് എസ്.സി.പി. | 1096388 | 2150350 | 3246738 | 3246738 | - | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 60000 | 30000 | 90000 | 90000 | - | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1790817 | 11192329 | 12983146 | 12983146 | - | 0 |
| സംരക്ഷണ ഗ്രാന്റ്ഡ് നോൺ റോഡ് | 1238470 | 2686615 | 3925085 | 3925085 | - | 0 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1205968 | 5737571 | 6943539 | 5486593 | 1456946 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3751000 | 1736909 | 5487909 | 3285114 | 2202795 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 247 | 80712715 | 201 | 58968940 | 25 | 21 | 81.37 |

നേട്ടങ്ങൾ

തൻവർഷം സേവനമേഖലയിൽ മരുന്ന് വാങ്ങൽ, അങ്കണവാടി പോഷകാഹാര വിതരണം,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-യാത്രാബത്ത-യൂണിഫോം , ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കിണർ നിർമ്മാണം, പാലിയേറ്റീവ് കെയർ, പശ്ചാത്തല മേഖലയിൽ വിവിധ വാർഡുകളിലെ റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ്, പുനരുദ്ധാരണം, ബസ് സ്റ്റാൻഡ് നവീകരണം, ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കൽ, അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി, പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്- ഫർണിച്ചർ, ഭവനപുനരുദ്ധാരണം എന്നിവയും കൃഷിമേഖലയിൽ സമഗ്രനെൽകൃഷി വികസനം, പമ്പ് സെറ്റ് വിതരണം, സ്പ്രേയർ മുതലായ ഉപകരണങ്ങളുൾപ്പെടെ രാസവളം, ജൈവവളം വിതരണം, ബഡ് ജാതി തൈ വിതരണം, ടിഷ്യൂകൾച്ചർ വാഴകൃഷി വികസനം, കുൺകൃഷിവികസനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം എന്നിവയുൾപ്പെടെ വൈവിധ്യമേറിയ പല പദ്ധതികളും നടപ്പാക്കുകയുണ്ടായി.

കോട്ടങ്ങൾ

തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ, എസ്.സി. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വിതരണവും, പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കൽ, കാട്ടാംകുന്ന് പ്രിയദർശിനി അങ്കണവാടി പുനരുദ്ധാരണം, വട്ടക്കുന്ന് ജലസേചന പദ്ധതി, സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിക്കൽ, പഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണം, കുന്നേൽപീടിക കുടിവെള്ള പദ്ധതി നവീകരണം എന്നിവ നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7144846 | 6672701 | | % |
| നികുതിയേതര വരവുകൾ | 2694161 | 2161620 | | 0.02 |
| മറ്റുവരവുകൾ | 8605 | 392652 | | |
| ആകെ | 9847612 | 9226973 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 173640 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 1654200 | 354 |
| വിധവാപെൻഷൻ | 4980000 | 823 |
| വാർദ്ധക്യകാലപെൻഷൻ | 5087400 | 1681 |
| വികലാംഗപെൻഷൻ | 1189900 | 274 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.12.16 ൽ 3.00pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17668/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണസംവിധാനം

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.16-17.11.16 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഒക്ടോബർ2012 | 2007-08 മുതൽ 2011-12 വരെ | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1)26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആർ പി - 43 പ്രകാരമുള്ള കിട്ടാനുള്ള നികുതിവരവുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് കഴിയുന്നില്ല

## 2-2 വസ്തു നികുതി

1) വസ്തു നികുതി ഈടാക്കിയതിൽ കുറവ്

തദ്ദേശസ്വയം ഭരണ ആർ.ഡി. വകുപ്പിന്റെ 14.11.2011 ലെ ജി ഒ. നം. 19/2011, 20/11 എന്ന വിജ്ഞാപനപ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ 15.10.2011 ലെ തീരുമാനപ്രകാരവും നിലവിൽ വന്ന പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതിനിരക്കുകൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 55 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. എന്നാൽ ചുവടെ കൊടുത്തിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥന്റെ പേരും മേൽവിലാസവും | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി (@40) | ഈടാക്കേണ്ട നികുതി (@ 55) | കുറവ് |
|---|---|---|---|---|---|
| VIII/ 9 A3 | ജോളി തോമസ്& തോമസ് മാത്യു കണിയാം പറമ്പിൽ, പാമ്പാടി | 336 ച.മീ. | അടിസ്ഥാന വസ്തുനികുതി-13440 ഇളവ് 10% (മേല്ക്കൂര)-1344 റോഡ് വർദ്ധനവ്(20%) - 2688= 14784+ ലൈബ്രറി സെസ്സ്-740 ആകെ= 15524 രൂപ | അടിസ്ഥാനവസ്തുനികുതി 18480 ഇളവ് 10% = 1848 റോഡ് വർധന 20% = 3696= 20328+ ലൈബ്രറി സെസ് = 1017 ആകെ 21345 രൂപ | 5547 + ലൈബ്രറി സെസസ് 277= 5821 രൂപ |

ആയതിനാൽ വസ്തു നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല.

a) പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററും വസ്തുനികുതിയുടെ സഞ്ചയ റവന്യ മൊഡ്യൂളും പരിശോധിച്ചതിൽ നിന്നും വാണിജ്യാവശ്യത്തിനായി ലൈസൻസ് നേടിയ

കെട്ടിടങ്ങൾ പാർപ്പിടാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളായി പ്രവർത്തിയ്ക്കുന്നതായി കാണുന്നു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മേൽവിലാസം | കെട്ടിടനം. | ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിലെ നം. | ഉപയോഗം |
|---|---|---|---|
| ജാൻസി ജോൺ വെള്ളാനിയ്ക്കൽ | XVI/385 | 237 | ആയുർവ്വേദ മരുന്നുകളുടെ സ്റ്റോക്കും വില്പനയും |
| സക്കറിയ മാത്യു ചീരമല പൂതക്കുഴി | IX/417 | 479 | ലിക്വിഡ് സോപ്പ് നിർമ്മാണം |
| പി.കെ ചെല്ലപ്പൻ ആരിശ്ശേരിൽ പാമ്പാടി | VI/222 | 476 | കയർ വില്പന |
| പി. പി തോമസ് പെരുമ്പ്രാക്കുന്നേൽ പാമ്പാടി | XV/224, 225 | 467 | പ്രോവിഷണൽ സ്റ്റോർ |
| കവിതാ വിജയ് വിദ്യാഭവൻ വെള്ളൂർ | III/65 | 420 | കൃത്രിമ പല്ല് നിർമ്മാണം |
| രാധാകൃഷ്ണൻ ആർ കൃഷ്ണകൃപ വെള്ളൂർ | V/118 | 414 | പ്ളംബ്ബിംഗ്, സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്കും വില്പനയും |

മേല്പറഞ്ഞ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

b)പുതുക്കിയ വസ്തുനികുതി നിരക്ക് പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള

റെസ്റ്റോറന്റിന് 55 രൂപ നിരക്കിൽ ഈടാക്കേണ്ടതിനു പകരം 40 രൂപ നിരക്കിലാണ് ഈടാക്കിയിരിയ്ക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| XVI/675 A | ലാൽസി പോൾ, പാമ്പാടി കണ്ടത്തിൽ | 140 ച.മീ | 5600(അടിസ്ഥാന വസ്തുനികുതി)+ 1120(റോഡ് വർദ്ധനവ് (20%)+ 336(L/C)= 7056 | 140x55 =7700 + വർധന റോഡ് 20% = 1540 9240 + ലൈബ്രറി സെസ് 462= 9702 | 2646 രൂപ |

മേല്പറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

3)വിമുക്തഭടന്മാരിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല.

പഞ്ചായത്തിലെ വിമുക്തഭടന്മാർക്ക് 2015-16 വർഷം വസ്തുനികുതി ഇളവ് നല്കിയതുമായി ബന്ധപ്പെട്ട് നല്കിയ രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 2000 ചതുരശ്രയടിയിൽ കവിഞ്ഞ തറവിസ്തീർണ്ണമുള്ള ചുവടെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.

| പേരും അഡ്രസ്സും | വാർഡ് നം/വീട്ടു നം. | തറവിസ്തീർണ്ണം |
|---|---|---|
| രാജൻ ചെറിയാൻ കുട്ടുങ്കൽ അണ്ണാടിവയൽ | I/6 | 207.7 ച.മീ. |
| വിജയകുമാരൻ വി,എൻ ചാത്തംപടം വെള്ളൂർ | IV/486 | 195ച.മീ |
| ബാലചന്ദ്രൻ നായർ സൗപർണ്ണിക | X/447 | 204ച.മീ |
| ആർ പ്രസന്നൻ കിഴക്കേതിൽ | XI/176 | 238.16 ച.മീ |

മേല്പറഞ്ഞ കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്..

## 2-3 വാടക ഒടുക്കിയിട്ടില്ല

2015-16 വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ വാടകയ്ക്ക് എടുത്തിരിയ്ക്കുന്നവർ വാടക ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടക ക്കാരന്റെ പേരും അഡ്രസ്സും | പ്രതിമാസ വാടക | വാടക ഒടുക്കാത്ത കാലയളവ് | ആകെ ഒടുക്കേണ്ട വാടക |
|---|---|---|---|---|---|
| 1 | NSC 27,28 29,30 | ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാമ്പാടി | 2936 | 4/15 മുതൽ 3/16 വരെ | 35232 |
| 2 | NSC 40 | ശോശാമ്മമാത്യു കന്നുകുഴിയിൽ | 448 | 12/15 മുതൽ 3/16 വരെ | 1792 |
| 3 | 41 | കെ.സി.വർക്കി കന്നുകുഴിയിൽ | 465 | 6/15 മുതൽ 3/16 വരെ | 4650 |
| 4 | MSS 2 | പ്രമോദ് കുമാർ പോളോത്ത് | 441 | 4/15 മുതൽ 3/16 വരെ | 5292 |
| 5 | MSS 5 | ബേബി വർഗ്ഗീസ് തുമ്പോനത്ത് | 441 | 4/15 മുതൽ 3/16 വരെ | 5292 |
| 6 | MSS 6 | പെണ്ണമ്മ രാഘവൻ പത്തേപ്പറമ്പിൽ | 441 | 4/15 മുതൽ 3/16 വരെ | 5292 |
| 7 | MSS 7 | തങ്കച്ചൻ വരിയ്ക്കമാക്കൽ | 441 | 4/15 മുതൽ 3/16 വരെ | 5292 |
| 8 | MSS 10 | കെസി.വർഗ്ഗീസ്, കന്നുകുഴിയിൽ പങ്ങട | 441 | 12/15 മുതൽ 3/16 വരെ | 1764 |
| 9 | MSS 13,14 | കുരുവിള വർഗ്ഗീസ് ചൂഴകുന്നേൽ | 882 | 4/15 മുതൽ 3/16 വരെ | 10584 |

| | | | | | |
|---|---|---|---|---|---|
| | | പാമ്പാടി | | | |
| 10 | MSS 17 | കെ.സി വർഗ്ഗീസ്, കണ്ണകുഴി | 441 | 12/15 മുതൽ 3/16 വരെ | 1764 |
| 11 | MSS 18 | ശേഖരൻ ചുക്കുപറമ്പിൽ പങ്ങട | 441 | 4/15 മുതൽ 3/16 വരെ | 5292 |
| ആകെ | | | | | 82246 രൂപ |

82246 രൂപ വാടക കുടിശ്ശിക മേല്പറഞ്ഞ വാടകക്കാരിൽ പിഴപ്പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-4-1 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

**.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റ് വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഇതോടൊപ്പം നൽകുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | I |
| 2 | എസ്.ബി.റ്റി.പാമ്പാടി | II |
| 3 | അദ്ധ്യാപക അർബൻ കോഓപ്പറേറ്റീവ് ബാങ്ക് | I,II |
| 4 | കാനറ ബാങ്ക് | I,II |
| 5 | പാമ്പാടി സർവീസ് സഹകരണ ബാങ്ക് | I,II |
| 6 | ശബരി സൂപ്പർ മാർക്കറ്റ് | I,II |
| 7 | പാമ്പാടി ക്ഷീരവ്യവസായ സഹകരണ സംഘം | I,II |
| 8 | വെള്ളൂർക്ഷീരവ്യവസായ സഹകരണ സംഘം | I,II |
| 9 | പങ്ങട ക്ഷീരവ്യവസായ സഹകരണ സംഘം | I,II |
| 10 | ചെമ്പൻകുഴിക്ഷീരവ്യവസായ സഹകരണ സംഘം | I,II |
| 11 | മത്സ്യഫെഡ് | I,II |
| 12 | ജി.ടെക് .കമ്പ്യൂട്ടർ | I,II |

| | | |
|---|---|---|
| | എഡ്യൂക്കേഷൻ | |
| 13 | നൈസ് കമ്പ്യൂട്ടേഴ്സ് | I,II |
| 14 | നെറ്റ് സോഫ്ററ് കമ്പ്യൂട്ടേഴ്സ് | I,II |
| 15 | പാമ്പാടി ഹൗസിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി | I,I |

11. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

(a) ടെക്നിക്കൽ അസിസ്റ്റന്റ് -പാമ്പാടി ഗ്രാമ പഞ്ചായത്ത്- ഒന്നും രണ്ടും അർധവർഷം

(b) മത്സ്യഫെഡ്-ജീവനക്കാർ- ഒന്നും രണ്ടും അർധവർഷം

111. വെള്ളൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-ജീവനക്കാരി ശ്രീമതി അനില .പി.കെ (സീനിയർ ക്ലർക്ക്)യുടെ (ഒന്നും രണ്ടും അർധവർഷം) തൊഴിൽ നികുതി കുറവായിട്ടാണ് ഒടുക്കിയിട്ടുള്ളത്

| അടിസ്ഥാന ശമ്പളം | ഡി.എ | എച്ച്.ആർ.എ | ബോണസ് | ആകെ | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 47760 | 79658 | 4776 | 3600 | 135794 | 1250 | 1000 | 250 |

തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുവാനുള്ള മുഴുവൻ തുകയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-2 താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എം.എം.ഫിനാൻസ് | I,II |
| മാക്കൽ ഫിനാൻസ് | I,II |
| നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ് | I,II |
| പൗർണ്ണമി ഫിനാൻസ് | I,II |
| പ്രൊവിഡന്റ് ഫിനാൻസ് | I,II |
| റിലയബിൾ ഫിനാൻസ് | I,II |
| സംഘം ഫിനാൻസ് | I,II |
| വാരിക്കാട്ട് ഫിനാൻസ് | I,II |

| | |
|---|---|
| അമ്പാട്ട് ബാങ്കേഴ്സ്-വെള്ളൂർ | I,II |
| കിഴക്കേമുറിയിൽ ബാങ്കഴ്സ് | I,II |

മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-3 ഡി ആന്റ് ഒ ലൈസൻസ് എടുത്ത താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| കല്യാൺ ജ്വവല്ലേഴ്സ് | 05 |
| മാർവെൽ റബർ ഇൻഡസ്ട്രീസ് | 08 |
| മിലൻ ഇൻഡസ്ട്രീസ് | 07 |
| ലതാ ഓട്ടോ മൊബൈൽസ് | 08 |
| ഡാലിയ ടൂറിസ്റ്റ് ഹോം | 12 |
| അമ്പിളി ഫ്ലെയിംസ്-വെള്ളൂർ | 05 |
| ആശകിരൺ ഹോമിയോ ക്ലീനിക് | 09 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളി ലെ ജീവനക്കാരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും പഞ്ചായ ത്തിന്റ് ഭാഗത്തു നിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടതുമാണ്.

## 2-4-4 അംഗീകൃത കരാറു കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

കരാർ പ്രവർത്തിയിലേർപ്പെട്ട താഴെപ്പറയുന്ന അംഗീകൃത കരാറു കാരിൽ നിന്നുംതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.കെ.എൻ.സജികുമാർ കുഴിപ്പള്ളിൽ-വെള്ളൂർ

2.രാജൻ വർഗീസ് പടിയറ-മീനടം

3.രതീഷ്കുമാർ.പി.കെ ശിവകൃപ-മീനടം

4.പി.എ.ചെറിയാൻ പുത്തൻ പരക്കൽ-വെള്ളൂർ

5.റജി കുര്യാക്കോസ് നെല്ലിക്കാട്ട്-വടവാതൂർ

6.ഷാജി ജോസഫ് ഇലവത്തോൾ ഹൗസ്-മുട്ടമ്പലം

7.സബുരാജ്.റ്റി.ചാക്കോ തുണ്ടിയിൽ കുമരകം

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മിനിട്സ് ബുക്ക് സൂക്ഷിപ്പ് അപാകതകൾ

2015-16 വർഷത്തെ ജനറൽ കമ്മിറ്റി മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിലും സൂക്ഷിക്കുന്നതിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

1) 6.7.15 ലെ തീരുമാനം നം 5,6,7 ,12.8.15ലെ നം 4, 15.9.15ലെ നം 4, 28.1.16ലെ നം 7, 17.2.16ലെ നം5,6, 29.3.16ലെ നം 7,8 എന്നീ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല.

2) 11.6.15,12.8.15,23.9.15,3.10.15 എന്നീ തീയതികളിലെ മിനിട്സ് പൂർത്തിയാക്കി പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) മിനിട്സ് ബുക്കിലെ കുറെയധികം പേജുകൾ ശൂന്യമായും സൂക്ഷിച്ചിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന രേഖയായ മിനിട്സ് ബുക്ക് ഇത്തരത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത് ശരിയായ നടപടിയല്ല.മിനിട്സ് ബുക്ക് പൂർത്തീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 3-2 മര ലേലം- എഫ്.ഡി.റ്റി തുക ഈടാക്കാതെ തനത്ഫണ്ടിൽ നിന്നും അടച്ചിരിക്കുന്നു

കുറ്റിക്കൽ-മാന്തുരുത്തി തോട്ടുപുറമ്പോക്കിൽ നിന്നിരുന്ന കാട്ടുകുന്തിരിക്കം മരത്തിന്റെ ലേലം ശ്രീ.ഉമ്മർ ,കൃപ ടിമ്പേഴ്സ് എന്നയാളിന് 52400/-രൂപയ്ക്ക് അംഗീകരിച്ച് നൽകിയിരുന്നു. ടിയാനിൽ നിന്നും ലേല തുക+വാറ്റ്+എഫ്.ഡി.റ്റി തുക എന്നിവ ഈടാക്കണമെന്നിരിക്കെ ലേലതുകയും വാറ്റും മാത്രമേ ഈടാക്കിയിരുന്നുള്ളു. എന്നാൽ എഫ്ഡിറ്റി തുക ഈടാക്കാതെ തനത്ഫണ്ടിൽ നിന്നും ചെക്ക് നം 0749978/20.10.15 പ്രകാരം 3000/-രൂപ അസി. കൺസർവേറ്റർ സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ കോട്ടയത്തിന് നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി

പഞ്ചായത്ത്ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-3 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്,ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു.ടി ബാലൻസ് തുകകൾ യഥാർത്ഥത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തീയതി /തുക | നിലവിലെ ബാലൻസ് |
|---|---|---|
| അന്നപൂർണ്ണ ന്യൂട്രീഷൻ പ്രോഗ്രാം | 22/3/13 | 156852/- |
| പൈക്ക സ്പെഷ്യൽ ഗ്രാന്റ് | 11/3/15 | 530000/- |
| കുന്നേപ്പീടിക കുടിവെള്ള പദ്ധതി | 23/3/13 | 150000/- |
| കുമ്പന്താനം കുടിവെള്ള പദ്ധതി | 23/3/13 | 1122/- |
| വട്ടക്കുന്ന് ജലസേചന പദ്ധതി | 24.3.14 | 44412/- |

## 3-4 മീഡിയാശ്രീ പദ്ധതി - പൂർത്തീകരണ വിവരം ഇല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 181/16 -.

അടങ്കൽ -65000(വികസന ഫണ്ട്)

ചെലവു തുക-65000(ഡി.ഡി നം.8828429.5.15)

മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ

ആവശ്യത്തിലേക്കായി 65000രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഡോക്കുമെന്റേഷൻ നടത്തിയതായോ ഷൂട്ടിംങ്ങ് പ്രക്രിയ പൂർത്തിയായതായോ രേഖകളില്ല.ആയതിനാൽ ചെലവഴിച്ച തുകയുടെ പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ 65000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്ന് ലഭിച്ചിട്ടില്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ (പ്രൊജക്ട് നം എസ്.ഒ 154/16) എന്ന പദ്ധതി പ്രകാരം 150000 രൂപ ഹോംകോ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(ഡി.ഡി നം 250289 തിയതി 17.02.16) എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവഴിച്ച 150000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 കണ്ണംകുളം കുടിവെള്ള പദ്ധതി മെയിന്റനൻസ്- ഡിപ്പാർട്ടുമെന്റൽ പിവിസി പൈപ്പ് ലെയിംഗ് അധികനിരക്ക് നൽകിയത്

പ്രോജക്ട് നം - s0208/16

കൺവീനർ- ശ്രീ.ബിനീഷ്.കെ.ഗോപാൽ

ഫണ്ട് - തനത്ഫണ്ട്

എസ്റ്റിമേറ്റ് തുക - 150000/-

ഡി.ഡി.നം/തുക - 138679/- ( 940167/31.3.16)

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ അപ്പെൻഡിക്സ് -സിയിലെ 7-ാം ഐറ്റം ഡിപ്പാർട്ടുമെന്റലായി ലഭിച്ച 50 mm പിവിസി പൈപ്പ് ഇടുക എന്നതാണ്.ആയതിന് 1 m ന് 89.40/- രൂപ നിരക്ക് കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ടി ഐറ്റത്തിന് ഒബ്സേർവ്ഡ് ഡേറ്റ പ്രകാരം അനുവദനീയമായ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| Cost of specials | 330.00 |
| Amount of conveyance from stack to trench (man) | 113.10 |
| Amount of cleaning & lowering pipes(man) | 754.00 |
| Amount of aligning& jointing pipes (fitter) | 635.85 |
| Amount of testing pipe (man) | 508.95 |
| Hire charges | 8.00 |
| Lighting,watching | 10.00 |

| | |
|---|---|
| Total rate per 100m | 2360 |
| Rate per 1 m | 23.60 |

ഇത്തരത്തിൽ 1m ന് 65.8 രൂപ അധികം നൽകിയിട്ടുണ്ട്. 74 m ചെയ്ത പ്രവർത്തിക്ക് 4869/-രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.ആയതിനാൽ അധികം നൽകിയ 4869/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-7 ബിറ്റുമിൻ- ബാരൽ വില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ( DSR പ്രകാരമുള്ള ത് )ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില നികുതി സഹിതം ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇതു ചെയ്യാത്തതുമൂലം കരാറുകാരൻ/കൺവീനർ ക്ക് അധികം തുക നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | ബിറ്റുമിൻ ഉപയോഗം | കൺവീനർ/കോൺട്രാക്ടർ |
|---|---|---|---|
| 1 | 20/16 എൻ.എച്ച്.220- പേരത്തൊട്ടി റോഡ് റീടാറിംഗ് | 2050.64 Kg | ശ്രീ .കെ.എൻ.സജികുമാർ |
| 2 | 163/16 അശോക് നഗർ -ഉമ്മൻചാണ്ടി നഗർ റോഡ് റീടാറിംഗ് | 1960.986 Kg | ശ്രീ.വി.എം.മാത്യൂസ് |
| 3 | 44/16 ശാന്തിനഗർ- കൊച്ചറ റോഡ് റീടാറിംഗ് | 2351.352 Kg | ശ്രീ.അഭിലാഷ്.വി.എ |

കരാറുകാരൻ/കൺവീനർ ക്ക് അധികം നൽകിയ തുക ഈടാക്കി പഞ്ചായത്തഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-8 അതുല്യം -സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി-നടത്തിപ്പിൽ അപാകത

പ്രോജക്ട് നം.185/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(13-ാംധനകാര്യ കമ്മിഷൻ ഗ്രാന്റ് )- | 87306 | 84304 (ബിൽ നം.46/15-16) |
| തനത് ഫണ്ട് | 67694 | 34896 |
| ആകെ | 155000 | 119000 |

പരിപൂർണ്ണസാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കിയ അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയിൽ 76 പഠിതാക്കൾക്ക് നാലാം തരം തുല്യതാ കോഴ്സ് നവംബർ 2014 മുതൽ ജൂൺ 2015 വരെയുള്ള കാലയളവിൽ നടത്തിയിട്ടുണ്ട്. 5 ഇൻസ്ട്രക്ടർമാർ മുഖേനയാണ് ക്ളാസുകൾ നടത്തിയിട്ടുള്ളത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പ്രസ്തുത പ്രോജക്ട് എപ്രകാരമാണ് നടത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നിർദ്ദേശനുസരിച്ച് വകയിരുത്തേണ്ട തുക | പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക | | | പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|---|
| | | 13-ാംധനകാര്യ കമ്മിഷൻ ഗ്രാന്റ് | തനത് ഫണ്ട് | ആകെ | 13-ാംധനകാര്യ കമ്മിഷൻ ഗ്രാന്റ് | തനത് ഫണ്ട് | ആകെ |
| കോ ഓർഡിനേറ്ററുടെയും ഇൻസ്ട്രക്ടറുടെയും വേതനം, ടി.എ | 150000 | 66002 | 3998 | 70000 | 63000 | - | 63000 |
| പരിശീലനം | 10000 | 5000 | - | 5000 | - | | - |
| പുസ്തകങ്ങൾ | 10000 | 3800 | 1200 | 5000 | 3800 | - | 3800 |
| പ്രചാരണം | 10000 | | 10000 | 10000 | - | - | |
| ഡോക്യുമെന്റേഷൻ | 5000 | | 5000 | 5000 | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| മോണിറ്ററിംഗ് | 5000 | | 5000 | 5000 | - | - | - |
| പഠിതാക്കളുടെ സംഗമം | 10000 | 7200 | 2800 | 10000 | 7200 | | 7200 |
| പഠന യാത്ര | - | 10304 | 4696 | 15000 | 10304 | 4696 | 15000 |
| നേത്ര പരിശോധന, കണ്ണട വിതരണം | - | - | 30000 | 30000 | | 30000 | 30000 |
| ആകെ | 200000 | 87306 | 67694 | 155000 | 84304 | 34896 | 119000 |

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 5 ഇൻസ്ട്രക്ടർമാർ ക്ലാസുകൾ എടുത്തതിൽ 3 പേർ മാത്രമേ പഠിതാക്കളുടെ അറ്റൻഡൻസ് കൃത്യമായി തീയതി സഹിതം രേഖപ്പെടുത്തിയിട്ടുള്ളൂ.(വാർഡ് 11,5,20). 17,18 വാർഡുകളിലെ ഇൻസ്ട്രക്ടർമാർ അറ്റൻഡൻസ് രജിസ്റ്ററിൽ എല്ലാ മാസവും എല്ലാ ദിവസവും ക്ളാസുകൾ എടുത്തതായി രേഖപ്പെടുത്തി കാണുന്നു. (ഡിസംബർ,ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 31 ദിവസവും അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുണ്ട് ). ആയതിനാൽ ടി വാർഡുകളിൽ ക്ളാസുകൾ എത്ര ദിവസം എടുത്തു എന്നത് വ്യക്തമല്ല.

2. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പഠന യാത്രയ്ക്കായി പ്രോജക്ടിൽ തുക വകയിരുത്തുവാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിൽ പഠന യാത്രയ്ക്കായി തുക വകയിരുത്തുകയും പരുന്തും പാറയിലേക്കും വാഗമണ്ണിലേക്കും യാത്ര പോയതിന് വികസന ഫണ്ടിൽ നിന്നും യാത്രാച്ചെലവിനത്തിൽ 10304 രൂപയും തനത് ഫണ്ടിൽ നിന്നും ഭക്ഷണച്ചെലവിനത്തിൽ 4696 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ യോഗങ്ങൾ സംഘടിപ്പിച്ചതിന് ഭക്ഷണച്ചെലവിനത്തിൽ വികസന ഫണ്ടിൽ നിന്നും 7200 രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ വികസന പ്രവർത്തനങ്ങൾക്കായി നല്കുന്ന വികസന ഫണ്ട് വിഹിതം ഇപ്രകാരം വണ്ടിക്കൂലിയിനത്തിലും ഭക്ഷണച്ചെലവിനമായി വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത പ്രോജക്ടായതിനാലാണ് വികസന ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നും അതുല്യം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പഠനയാത്ര ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് പഠനയാത്ര നടത്തിയതെന്നും മറുപടി നല്കി. എന്നാൽ സർക്കാർ നല്കുന്ന പദ്ധതിപ്പണം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ ശ്രദ്ധിയ്ക്കേണ്ടതും അവ ദുർവിനിയോഗം ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്

## 3-9 സാന്ത്വനം പരിചരണം പദ്ധതി നടപ്പാക്കായിതിൽ അപാകതകൾ.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം.എസ്.ഒ.140/2016

അടങ്കൽ -406100

1.മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സാന്ത്വനം പരിചരണംഎന്ന പദ്ധതിക്ക് ഫർണീച്ചർ വാങ്ങുന്നതിന് 4000 രൂപയാണ് പ്രൊജക്റ്റിൽ വകയിരുത്തിയിരുന്നത്.എന്നാൽ 10762 രൂപ ചെലവഴിച്ച്സ്റ്റീൽ ക്യാബിൻ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. അധികമായി തുക ചെലവഴിച്ച് സ്റ്റീൽ ക്യാബിൻ വാങ്ങിയതിന് കമ്മറ്റിയുട അംഗീകാരം ലഭിച്ചിട്ടില്ല.

2. 81137/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ക്വട്ടേക്ഷൻ വിളിക്കാതെ അമൽ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങയിട്ടുണ്ട്.20000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ക്വട്ടേഷൻ വിളിക്കണമെന്നിരിക്കെ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29.10.15 (2.6.3(3) പ്രകാരം ഹോം കെയർ ദിനങ്ങളിൽ ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് പരമാവധി മൂന്നു പേർക്ക്-ഒരാൾക്ക് ഒരു ദിവസം പരമവധി 60 രൂപ യാണ്.എന്നാൽ 11/15,12/15, 01/16,02/16 എന്നീ മാസങ്ങളിൽ അധിക തുക ചെലവഴിച്ചിട്ടുണ്ട്.

4. സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29.10.15 (2.6.5(3) പ്രകാരം വാഹന വാടക ഇനത്തിൽ പരമാവധി 1100 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത്.എന്നാൽ11/15,12/15, 01/16,02/16 എന്നീ മാസങ്ങളിൽ 1200രൂപ നിരക്കിലാണ് വാഹന വാടക നൽകിയിരിക്കുന്നത്.

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-10 വൈദ്യുതി ചാർജ്ജ്,വാട്ടർചാർജ്ജ് വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

പാമ്പാടി ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ശരാശരി 87235/രൂപ ഒടുക്കി വരുന്നു. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ലൊക്കേഷൻ, ബൾബുകളുടെ ഇനം (സാധാരണ ബൾബ്, CFL,SVL,LED എന്നിങ്ങനെ തരം തിരിച്ച് ) തുടങ്ങിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 125 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 54688/രൂപ (ഒരു ടാപ്പിന് പ്രതിവർഷം 5250/രൂപ ) വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നു. എന്നാൽ പ്രസ്തുത ടാപ്പുകൾ ഏതെല്ലാം ലൊക്കേഷനുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന്

വ്യക്തമല്ല.

മേൽ രണ്ടിനങ്ങളിലായി പ്രതിമാസം ഒന്നര ലക്ഷത്തോളം ലക്ഷം രൂപ ചെലവഴിക്കുന്നതിനാൽ ഓരോ മാസത്തേയും ബില്ലുകളുടെ കൃത്യത പരിശോധിക്കേണ്ടതും യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി ബിൽ തുക പരിമിതപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ കൃത്യമായി (എല്ലാ വിവരങ്ങളും ചേർത്ത്) എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 3-11 ആശ്രയ പദ്ധതി

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2012 മാർച്ച് മുതൽ 2015 വരെയായിരുന്നു. ആകെ 51 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്.ഒന്നാം ഘട്ട പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് | 1700000 | 1448162 | 251838 |
| ചലഞ്ച് ഫണ്ട് | 1500000 | 776047(ബാങ്ക് പലിശ ഉൾപ്പെടെ) | 723953 |
| ആകെ | 3200000 | 2224209 | 975791 |

ഒന്നാം ഘട്ടപദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭിയ്ക്കാതിരുന്ന സാഹചര്യത്തിൽ പദ്ധതിയുടെ റീവിസിറ്റ് നടത്തിക്കൊണ്ടിരിയ്ക്കുകയാണ്.പ്രസ്തുത പദ്ധതിപ്രകാരം സേവനം ലഭിച്ചതിന്റെ വിവരം ചേർക്കുന്നു.

| ഇനം | ആനുകൂല്യംലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭവനനിർമ്മാണം | 2 |
| സ്ഥലം വാങ്ങൽ | 3 |
| വീട്മെയിന്റനൻസ് | 16 |
| വിദ്യാഭ്യാസം | 11 |
| ഭക്ഷണം | 51 |
| ചികിത്സ | 1 |
| കക്കൂസ് | 1 |
| പെൻഷൻ | ഇല്ല |
| തൊഴിൽ | ഇല്ല |
| വിവാഹധനസഹായം | 1 |

| | |
|---|---|
| അടുക്കള ഉപകരണം | ഇല്ല |
| വസ്ത്രം | ഇല്ല |

ആശ്രയ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് 975791 രൂപയാണ്. പഞ്ചായത്തിൽ നിർദ്ധനരും നിരാലംബരുമായ നിരവധി അഗതികൾ ഉണ്ടെന്നിരിക്കേ ഈ നീക്കിയിരിപ്പ് തുക ഉപയോഗിച്ച് അവർക്ക് അർഹതപ്പെട്ട സേവനപ്രവൃത്തികൾ ലഭ്യമാക്കേണ്ടതാണ്. അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനവിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്താവുന്നതാണ്. അഗതി കുടുംബങ്ങളെ ഘട്ടം ഘട്ടമായി സ്വയം പര്യാപ്തതയിലേയ്ക്ക് നയിയ്ക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിയ്ക്കുകയും ആയത് വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം നല്കാവുന്നതുമാണ്.

ആശ്രയ രണ്ടാം ഘട്ടം

ആശ്രയ രണ്ടാം ഘട്ട പദ്ധതി 2015ഡിസംബറിൽ ആരംഭിച്ചു.79ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് | 1850000 | 1635773<br>(ബാങ്ക്<br>പലിശ ഉൾപ്പെടെ) | 214227 |
| ആകെ | 1850000 | 1635773 | 214227 |

പ്രസ്തുത പദ്ധതിയിലൂടെ നാല് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനും, 24 പേർക്ക് ഭവന പുനരുദ്ധാരണത്തിനും ഒരാൾക്ക് സ്ഥലം വാങ്ങുന്നതിനും ധനസഹായം നല്കിയിട്ടുണ്ട്.

ആശ്രയപദ്ധതിയ്ക്ക് വേണ്ടി നാല് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്.പലിശയുൾപ്പെടെ ഈ അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | എസ്.ബിറ്റി,<br>പാമ്പാടി<br>(ഒന്നാം ഘട്ടം) | 67164540168 | 251838<br>(25.10.16 ലെ<br>നീക്കിയിരിപ്പ്) |
| 2 | കാനറാ ബാങ്ക്<br>പാമ്പാടി<br>(ഒന്നാം ഘട്ടം) | 3585101002521 | 705954<br>(31.10.16ലെ<br>നീക്കിയിരിപ്പ്) |
| 3 | പാമ്പാടി സർവ്വീസ്<br>സഹകരണ ബാങ്ക്<br>(ഒന്നാം ഘട്ടം) | 831 | 17999<br>(24.9.16 ലെ<br>നീക്കിയിരിപ്പ്) |

| | | | |
|---|---|---|---|
| 4 | കാനറാ ബാങ്ക് പാമ്പാടി (രണ്ടാം ഘട്ടം) | 3585101004355 | 214227 (23.11.16ലെ നീക്കിയിരിപ്പ്) |

## 3-12 എം.ജി.എൻ.ആർ.ഇ.ജി.എസ്

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2015-16 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 240 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. 119 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2015-16 വർഷം 64094 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1196 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. SC,ST BPL ചെറുകിട പരിമിത കർഷകരുടെ പുരയിടത്തിൽ ജല സംരക്ഷണ പ്രവർത്തികൾ ,ഭൂവികസന പ്രവൃത്തികൾ ,ഓട വൃത്തിയാക്കൽ ,പൊതു സ്ഥാപനത്തിന്റെ പരിസരങ്ങളിൽ വൃക്ഷത്തൈനടീലും പരിപാലനവും ,റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 14309572(EFMS ഉൾപ്പെടെ) |
| ആകെ | 14309572 |
| ചെലവ് | 14309572 |
| നീക്കിയിരിപ്പ് | 0 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 160500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 160500 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം. | അഡ്വാൻസ് നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാതെ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പാമ്പാടി ടൗൺ ഇന്റർലിങ്കിംഗ് പ്രോഗ്രാം | 749951/17.8.15 | 1500000 | 1500000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | സ.ഉ.(എം.എസ്) നമ്പർ 207/2009/ ത.സ്വ.ഭ.വ, തീയതി .7.11.09 | 11691800 | 1860780 | 0 | 1860780 | 12963 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2720000 |
| തൻവർഷം നിക്ഷേപിച്ച തുക | 186354 |
| ആകെ | 2906354 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2906354 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | 1421200 |
| വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | 1485154 |
| ആകെ | 2906354 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭ്യമായ 4400 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2012-13 | 3-2 | 4450 | വി.ഇ.ഒ ,സൗത്ത് പാമ്പാടി | 11502100958/18.5.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | | 2009-10 | 2-1 | കാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ വീഴ്ച | |
| ,, | ,, | ,, | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |
| 2009-10 | | 2011-12 | 2-6 | നിക്ഷപ പ്രവർത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | |
| 1999-2002 | | 2003-04 | 3-5-3 | മൊബിലൈസേഷൻ | |

| | | | | | |
|---|---|---|---|---|---|
| | | | | അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95369064 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74122897 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7869 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 215000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3000 | ശ്രീ. രാജു സഖറിയ, സെക്രട്ടറി |
| 3-6 | 4869 | ശ്രീ. പ്രമോദ് ഗോപൻ, അസിസ്റ്റന്റ് എൻജിനിയർ |
| | 7869 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 65000 | ശ്രീ. രാജു പി. സഖറിയ, സെക്രട്ടറി |
| 3-5 | 150000 | ഡോ അന്ന ജോസഫ് കെ. , മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| | 215000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജു പി. സക്കറിയ | റിട്ടയർ ചെയ്തു | പഴഞ്ചിറ , തോട്ടയ്ക്കാട് പി.ഒ, കോട്ടയം |
| ശ്രീ. പ്രമോദ് ഗോപൻ | എ.ഇ., പാമ്പാടി ഗ്രാമപഞ്ചായത്ത് | നിർമാല്യം, മീനടം പി,ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1993-94 | എൽ.എഫ്.കെ.പി.4-388/00 /3.8.2000 | -- | |
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- | |
| 1998-99 (DCB) | എൽ.എഫ്.കെ.പി.4-175/08 /5.12.08 | -- | |
| 1998-99 | എൽ.എഫ്.കെ. (ചെലവ്)പി.12/552(2) /(അദാ)/14/28.11.14 | -- | |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- | |
| 2001-02 | എൽ.എഫ്.കെ.പി.12/552 /(1)അദാ/28.11.14 | 1 | |
| 2002-03 | എൽ.എഫ്.കെ.പി.6-182/06 | -- | |

| | | | |
|---|---|---|---|
| | /28.04.07/30.05.07 | | |
| 2003-04 | എൽ.എഫ്.കെ.പി.4/862/06 /19.09.09/9.11.09 | -- | |
| 2004-05 | എൽ.എഫ്.കെ.പി.4–78/08 /11.12.08 | -- | |
| 2005-06 | എൽ.എഫ്.കെ.പി.4- 1085/08 /24.12.09/27.3.10 | -- | |
| 2006-07 | എൽ.എഫ്.കെ.പി.4- 442 /10 /.10.11.10/ 11.4.11 | -- | |
| 2007-08 | എൽ.എഫ്.കെ.പി.12- 353/12 /11.5.12 | -- | |
| 2008-09 | എൽ.എഫ്.കെ.പി.12- 381/12 /15.5.12 | -- | |
| 2009-10 | എൽ.എഫ്.കെ.പി.12- 1362/11/7.1.13 | 17 | |
| 2010-11 | എൽ.എഫ്.കെ.പി.12-803/12 /8.2.13 | 20 | |
| 2011-12 | എൽ.എഫ്.കെ.പി.12-1826/13 /5.2.14 | 23 | |
| 2012-13 | എൽ.എഫ്.കെ.പി.12/22 /15/6.10.15/13.11.15 | 14 | |
| 2013-14,14-15 | | | |

ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി.12/1930/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

doktm.ksad@kerala.gov.in

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ:

തീയതി: .19.12.16

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം